**'ഭരണഭാഷ-മാതൃഭാഷ'**

## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമ ഉത്തരവ്

വിഷയം: പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ ഉണ്ടായിരുന്ന സർക്കാർ ഏറ്റെടുത്ത ഹൈസ്കൂളുകളിലെ പ്രധാനാധ്യാപകരുടെ പൊതുസ്ഥലംമാറ്റവും സ്ഥാനക്കയറ്റവും - ഉത്തരവ് പുറപ്പെടുവിക്കുന്നത്

വായന:- 1) സ.ഉ (എം.എസ്) നമ്പർ 2/2010/പൊ.വി.വ, തീയതി 02.01.2010

2) ഈ ഓഫീസിലെ 04.07.2012 ലെ എസ്.വൈ1/6080/2012/ഡി.പി.ഐ നമ്പർ നടപടി ഉത്തരവ്

3) 26.02.2019 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഡി6/51851/2018 നമ്പർ വിജ്ഞാപനം

## ഉത്തരവ് നമ്പർ ഡി5/9101/2019/ഡി.പി.ഐ.തീയതി.01/06/2019

വായന (1) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഏറ്റെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ ഉള്ള ഹൈസ്കൂളുകളിലെ പ്രധാനാധ്യാപകരെ ചുവടെ ചേർത്തിട്ടുള്ള സ്കൂളുകളിലേക്ക് അപേക്ഷ പ്രകാരം ഉടൻ പ്രാബല്യത്തിൽ സ്ഥലംമാറ്റി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

### സ്ഥലംമാറ്റം

| ക്രമ നം. | പേര് പ്രധാനാധ്യാപകന്റെ പേര്, സ്ഥാപനത്തിന്റെ പേര് | സ്ഥലംമാറ്റി നിയമിക്കുന്ന സ്ഥാപനം | റിമാർക്സ് |
|---|---|---|---|
| 1 | ഓമന അമ്മ. പി. ഹെഡ്മാസ്റ്റർ പി.ജി.എച്ച്.എസ്. എസ് കുളനട, പത്തനംതിട്ട | ആയൂർ ഗവ.എച്ച്.എസ്. കൊല്ലം | നിലവിലുള്ള ഒഴിവ് |
| 2 | അനൂപ് കുമാർ സി ഹെഡ്മാസ്റ്റർ പയ്യന്നൂർ ഷേണായി സ്മാരക ഗവൺമെന്റ് എച്ച്.എസ്.എസ്. കണ്ണൂർ | ഇ.എം.എസ്.സ്മാരക ജി.എച്ച്.എസ്.എസ്. പാപ്പിനിശ്ശേരി, കണ്ണൂർ | നിലവിലുള്ള ഒഴിവ് |
| 3 | അംഗജൻ സി കെ ഹെഡ്മാസ്റ്റർ പി.ജി.പി.എച്ച്.എസ്.എസ്., പോൽപ്പുള്ളി, പാലക്കാട് | പയ്യന്നൂർ ഷേണായി സ്മാരക ഗവൺമെന്റ് എച്ച്.എസ്.എസ്.കണ്ണൂർ | ക്രമ നം. 2 ന് സ്ഥലം മാറ്റം അനുവദിച്ചതുമൂലം ഉണ്ടായ ഒഴിവ് |
| 4 | മിനി ബി, ഹെഡ്മിസ്ട്രസ്സ് പഞ്ചായത്ത് എച്ച്.എസ്., പത്തിയൂർ, ആലപ്പുഴ | പി.ജി.പി.എച്ച്.എസ്.എസ്. പോൽപ്പുള്ളി, പാലക്കാട് | ക്രമ നം. 3 ന് സ്ഥലംമാറ്റം അനുവദിച്ചതുമൂലം ഉണ്ടായ ഒഴിവ് |

## സ്ഥാനക്കയറ്റം

21.01.2019 ലെ ഡിപ്പാർട്ട്മെന്റൽ സ്ഥാനക്കയറ്റ കമ്മിറ്റി (ലോവർ) വായന (3) പ്രകാരം അംഗീകരിച്ച സെലക്ട് ലിസ്റ്റിലെ താഴെപ്പറയുന്ന പഞ്ചായത്ത് ഹൈസ്കൂൾ അധ്യാപകരെ സ്ഥാനക്കയറ്റം നൽകി പഞ്ചായത്ത് ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരായി 39500-83000/- ശമ്പള നിരക്കിൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | റാങ്ക് നം. | പേര് ഉദ്യോഗപ്പേര് സ്ഥാപനത്തിന്റെ പേര് | ജനന തീയതി | സ്ഥാനക്കയറ്റം നൽകി നിയമിച്ച സ്കൂൾ/സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 136/ 2012 | **ശ്രീ. മുരുകേശൻ.കെ.** എച്ച്.എസ്.എ. പഞ്ചായത്ത് എച്ച്.എസ്. വണ്ടിപ്പെരിയാർ, ഇടുക്കി | 05.03.1970 | പി.ജി.എച്ച്.എസ്. എസ് കുളനട, പത്തനംതിട്ട | |
| 2 | 158 | **ശ്രീമതി. ദീപ. റ്റി.എസ്** റ്റി.സി.എൻ.എം.ജി.എച്ച്.എസ്. എസ്. നെടുമ്പറമ്പ്, കൊല്ലം | 24.05.1981 | പഞ്ചായത്ത് എച്ച്.എസ്., പത്തിയൂർ, ആലപ്പുഴ | |

സ്ഥാപന മേധാവികൾ സ്ഥാനക്കയറ്റം ലഭിച്ച അധ്യാപകരെ ഉടൻ പ്രാബല്യത്തിൽ പുതിയ ലാവണങ്ങളിലേക്ക് വിടുതൽ ചെയ്യുകയും ആ വിവരം ഈ ഓഫീസിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്. ലഭിച്ച സ്ഥാനക്കയറ്റം പരിത്യജിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ 7 ദിവസത്തിനുള്ളിൽ പരിത്യജപത്രം നിയന്ത്രണാധികാരി മുഖേന ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. സ്ഥാനക്കയറ്റം പരിത്യജിക്കുന്നത് സംബന്ധിച്ച് സർക്കാർ 07.12.1991 ൽ പുറപ്പെടുവിച്ച ജി.ഒ (പി)39/91/പി&എആർഡി നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ഒന്നാമതായുള്ള സ്ഥാനക്കയറ്റ പരിത്യജിക്കൽ കുറഞ്ഞത് താൽകാലികവും, രണ്ടാമതായുള്ള സ്ഥാനക്കയറ്റ പരിത്യജിക്കൽ സ്ഥിരമായിട്ടുള്ളതുമാണ്.

സംസ്ഥാനത്തെ പഞ്ചായത്ത് ഹൈസ്കൂളുകളിലെ എച്ച്.എസ്.എ മാരുടെ വായന (2) പ്രകാരമുള്ള കോമൺപൂൾ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരെയാണ് ഈ ഉത്തരവിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചിരിക്കുന്നത്.

സ്ഥാപനമേധാവികൾ സ്ഥാനക്കയറ്റം ലഭിച്ച പഞ്ചായത്ത് സ്കൂൾ അധ്യാപകർക്ക് മുകളിൽ പ്രസ്താവിച്ച യോഗ്യതകൾ ഉണ്ടോയെന്ന് സേവനപുസ്തകം പരിശോധിച്ച ശേഷം മാത്രമേ സ്ഥാനക്കയറ്റം ലഭിച്ച ലാവണത്തിലേക്ക് വിടുതൽ ചെയ്യാവു എന്ന് കർശനമായ നിർദ്ദേശം നൽകുന്നു.

പുതിയ ലാവണത്തിൽ പദവി ഏറ്റെടുത്ത ശേഷം ആയത് മേലാപ്പീസിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

സ്ഥാനക്കയറ്റ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (www.education.kerala.gov.in DPI Announcements) ടി

ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് അതാത് സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതിനും വിടുതൽ ചെയ്യുന്നതിനും നിർദ്ദേശിക്കുന്നു. സ്ഥാപന മേധാവികൾക്ക് ഈ ഓഫീസിൽ നിന്നും പ്രത്യേകമായി ഉത്തരവ് അയയ്ക്കുന്നതല്ല. ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്. ടി സ്ഥാനക്കയറ്റം സംബന്ധിച്ച് എന്തെങ്കിലും ക്രമക്കേടുകൾ ബോദ്ധ്യപ്പെട്ടാൽ ആയത് പുന:പരിശോധനക്ക് വിധേയമാക്കുന്നതായിരിക്കും.

(ഒപ്പ്/-)
**ജീവൻബാബു കെ. ഐ എ എസ്**
**പൊതുവിദ്യാഭ്യാസ ഡയറ്കടർ കേരള,**
**തിരുവനന്തപുരം**

**// അംഗീകാരത്തോടെ //**

**സൂപ്രണ്ട്**

സ്വീകർത്താക്കൾ:-

1. ബന്ധപ്പെട്ട ഹെഡ്മാസ്റ്റന്മാർക്ക്
2. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക്
3. ബന്ധപ്പെട്ട അദ്ധ്യാപകർക്ക്
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം
5. കരുതൽ ഫയൽ